പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ. 515 — 12.06.2012 -ൽ മറുപടിയ്ക്ക്

## കൈത്തറി - ഖാദി മേഖലയിലെ പുതിയ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. മമ്മൂട്ടി<br>" കെ. മുഹമ്മദുണ്ണി ഹാജി<br>" അബ്ദു റഹിമാൻ രണ്ടത്താണി | സി.എൻ. ബാലകൃഷ്ണൻ<br>(ബഹു. സഹകരണവും ഖാദി ഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) കൈത്തറി-ഖാദി മേഖലയിൽ തൊഴിലാളിക്ഷാമം പരിഹരിക്കാനും, ഉല്പാദന വർദ്ധനവ് കൈവരിക്കാനും ലക്ഷ്യമിട്ട് പുതിയ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) ഉണ്ട്.<br>കൈത്തറിമേഖലയിൽ നെയ്ത്ത് തൊഴിലാളികളെ നിലനിർത്തുന്നതിനായി പ്രൊഡക്ടിവിറ്റി ഇംപ്രൂവ്മെന്റ് എന്ന ഒരു പദ്ധതി ഈ വർഷം നടപ്പിലാക്കുന്നുണ്ട്.<br><br>ഖാദിമേഖലയിൽ ഉല്പാദന വർദ്ധനവ് ലക്ഷ്യമിട്ട് പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിലായി 'ഖാദി ക്ലസ്റ്റർ ' പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) ഇതിനായി എന്തു തുകയാണ് ഈ വർഷം ചെലവഴിക്കാൻ ഉദ്ദേശിക്കുന്നതെന്നും ഏതൊക്കെ ജില്ലകൾക്കാണ് ഇതുമൂലം പ്രയോജനം ലഭിക്കുന്നതെന്നും അറിയിക്കുമോ; | (ബി) കൈത്തറിമേഖലയിലെ നെയ്ത്തുകാർക്കുള്ള പദ്ധതിയ്ക്കായി 200 ലക്ഷം രൂപ ഈ വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതിന്റെ പ്രയോജനം എല്ലാ ജില്ലകളിലെയും കൈത്തറി തൊഴിലാളികൾക്കും ലഭിക്കത്തക്കവണ്ണമാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.<br><br>ഖാദി മേഖലയിൽ ഇതിനായി 149 ലക്ഷം രൂപ ചെലവഴിക്കാൻ ഉദ്ദേശിക്കുന്നു. പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | കൈത്തറി ഖാദി ഉല്പന്നങ്ങളുടെ വിപണനം വർദ്ധിപ്പിക്കാൻ എന്തെങ്കിലും പദ്ധതി ഇതിനോടനുബന്ധിച്ച് നടപ്പാക്കുന്നുണ്ടോ; | (സി) | ഉണ്ട്.<br><br>കൈത്തറി മഖലയിൽ "വിപണന കയറ്റുമതി പ്രോത്സാഹന പദ്ധതി" നടപ്പിലാക്കി വരുന്നു.<br><br>ഖാദിമേഖലയിൽ ഉത്സവ കാലങ്ങളിൽ പ്രത്യേക വിപണന മേളകൾ സംഘടിപ്പിക്കുന്നുണ്ട്. |
| (ഡി) | എത്രപേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമെന്നാണ് കണക്കാക്കുന്നതെന്ന് വ്യക്തമാക്കാമോ ? | (ഡി) | എല്ലാ കൈത്തറി സംഘങ്ങൾക്കും, അപ്പക്സ് സംഘമായി ഹാന്റെക്സിനും, ഹാൻവീവിനും ഇതിന്റെ പ്രയോജനം ലഭിക്കുന്നതാണ്.<br><br>ഖാദിമേഖലയിൽ ക്ലസ്റ്റർ പദ്ധതിയിലൂടെ 252 പേർക്ക് പ്രയോജനം ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ